# ഇന്ത്യൻ കള്ളപ്പണം!

ഭീഷണിപ്പെടുത്തി നികുതി പിരിക്കുന്നത് (35%, 85%, 100%) ആ രാജ്യത്തിനും, രാജാവിനും, അവിടുത്തെ പ്രജകൾക്കും ഒരേപോലെ അപകടമാണ്. കള്ളപ്പണങ്ങൾ വലിയ തിമിംഗലങ്ങളെപ്പോലെയാണ്. ഇതിനെ പിടിക്കണമെങ്കിൽ വലിയ ഇരയെതന്നെ ഇട്ടുകൊടുക്കണം. അല്ലാതെ തിമിംഗലത്തെയോ വൻസ്രാവുകളെയോ പിടിക്കാൻ മണ്ണിരയെ കൊത്താനിട്ടുകൊടുത്തതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു കാരണം. ഗവൺമെന്റിന്റെ ആശയങ്ങൾ വളരെ നല്ലതാണ്. പക്ഷേ ഇപ്പോഴത്തെ നോട്ടുമാറ്റം വീണ്ടും പണം പൂഴ്ത്തിവപ്പിലേക്കല്ലേ പോകുന്നത്. അതിന് പരിഹാരം എന്ത് നോക്കാം. ഒരാളിൽ ഇരിക്കുന്ന പണത്തിന്റെ അളവ് ഒരു കോടിയാണെന്നിരിക്കട്ടെ. ഇയാൾ സ്ഥിരമായി സത്യസന്ധമായ കണക്ക് കൊടുക്കാത്തയാളാണെങ്കിൽ എന്ത് ചെയ്യും. അയാൾക്ക് ഈ പണത്തെ വെള്ളപ്പണമാക്കി മാറ്റണമെന്നുണ്ടെങ്കിൽ അയാൾ എന്ത് ചെയ്യണം. ഒന്നോർക്കുക കള്ളപ്പണം കള്ളനോട്ടല്ല. ഒരു കോടിയിൽ ആദ്യത്തെ പത്ത് ലക്ഷത്തിന് നികുതി നൽകേണ്ട ഇത് സാധാരണ ബാങ്ക് നിക്ഷേപമാക്കി മാറ്റി ഇതിന് പലിശകൊടുക്കുക. രണ്ടാമത്തെ പത്ത് ശതമാനം അല്ലെങ്കിൽ പത്ത് ലക്ഷം സർക്കാരിന്റെ നികുതിയായി വാങ്ങി സർക്കാരിന്റെ A/C - ൽ നിക്ഷേപിക്കുക. ബാക്കി 80 ലക്,ത്തിന് 1% മാത്രം പലിശ കൊടുക്കുക. ഇത് സർക്കാരിന്റ കരുതൽ ധനശേഖരം വളരെ വളരെ വർദ്ധിക്കും. ഇങ്ങനെ പലരിൽ നിന്നും വാങ്ങുക. സർക്കാർതന്നെ പറയുന്നു ഇതുവരെ ഇറക്കിയ നോട്ടുകൾ 16,80,000/- ലക്ഷം കോടി രൂപയാണെന്ന്. മുകളിൽ പറഞ്ഞിരിക്കുന്ന ആശയപ്രകാരം ഇതിന്റെ 95% വും ബാങ്കിൽ ഡെപ്പോസിറ്റ് ആയി എത്തും. ഈ കരുതൽ ധനശേഖരത്തിൽ നിന്ന് ചെറുകിട കർഷകർക്ക് 2% പലിശയ്ക്കും, ചെറുകിട വ്യവസായിക്ക് 3% പലിശക്കും, ഇടത്തരം വ്യവസായിക്കും കർഷകർക്കും 5% പലിശക്കും വായ്പകൊടുക്കുക. മറ്റുള്ളവർക്ക് ഇപ്പോഴത്തെ ബാങ്ക് വായ്പ നയംതന്നെ നല്ലതാണ്.

ചെറുകിട, ഇടത്തരം, കർഷകരുടെയും, വ്യവസായികളുടേയും ഉൽപന്നങ്ങൾ വാങ്ങുവാൻ കച്ചവടക്കാർക്ക് എങ്ങനെ കഴിയുമെന്നോ ? ഇത്തരം കച്ചവടക്കാർക്ക് കറണ്ട് അക്കൗണ്ട് നല്കി ഓൺലൈൻ ബിസിനസ് നടത്താൻ നിർബന്ധമായും പ്രേരിപ്പിക്കുക. എല്ലാ വ്യാപാരവും ഓൺലൈൻ വഴിയാക്കുക. അതോടെ സർക്കാരിന് മുഴുവൻ ടാക്സും ലഭിക്കും. കരുതൽധനശേഖരം ഇല്ലാതെ വന്നാൽ ഉല്പന്നങ്ങൾ വാങ്ങുന്നവരുടെ എണ്ണവും കുറയും. അതോടെ ഉല്പന്നങ്ങൾ വൻകിട കോർപ്പറേറ്റുകൾ വാങ്ങും. അപ്പോൾ അവർ പറയുന്ന വിലമാത്രമേ കർഷകർക്കും മറ്റും ലഭിക്കുകയുള്ളൂ. ഇത്

നമ്മുടെ രാജ്യത്തെ ചിന്തിക്കാനാവാത്തവിധം അഗാതതയിൽ എത്തിക്കും. ഒരാളുടെ രണ്ട് കോടി വിലയുള്ള സ്ഥലം NRI- ക്കാരൻ വാങ്ങാൻ തയ്യാറാണെങ്കിൽ അതിന് സർക്കാർ അനുവദിക്കണം. ആദ്യത്തെ പത്ത് ലക്ഷം ബാങ്കിൽ Intrest നിക്ഷേപം. ഇരുപത് ലക്ഷം സർക്കാരിന് Tax. ബാക്കി ഒരു കോടി എഴുപത്‌ലക്ഷം രൂപ വെറും 1% പലിശക്ക് ബാങ്കിൽ ഇങ്ങനെ ചെയ്തുകൂടേ. ഇന്ത്യ വളരുകയാണ്. ആദായനികുതി രണ്ടരലക്ഷത്തിൽ നിന്ന് പത്ത് ലക്ഷമായി ഉയർത്തിയാൽ ഇപ്പോഴുള്ള പ്രതിസന്ധി ഒരു പരിധിവരെ തീരും. സർക്കാരിന്റെ കരുതൽ ധനശേഖരം വർദ്ധിച്ചാൽ IMF, World Bank തുടങ്ങിയ സ്ഥാപനങ്ങളിൽ വായ്പ വാങ്ങാതെയിരിക്കാം. പണം വാങ്ങി ബാങ്കിൽ നിക്ഷേപിച്ചാൽ വ്യക്തി സമാധാനമായി ജീവിക്കാം ഇനിയുള്ള ശിഷ്ടകാലം. ഇങ്ങനെ എല്ലാവരും ചെയ്താൽ ലോകത്തിലെ 30% സമ്പത്തും ഇന്ത്യയിൽ കുമിഞ്ഞുകൂടും. ഇന്ത്യ ആഗോളസാമ്പത്തിക ശക്തിയായി മാറും.

ബാങ്കിൽ നിക്ഷേപിച്ച പണംകൊണ്ട് ജനം Purchase ചെയ്യട്ടെ. എല്ലാം Net Bank വഴിയായാൽ ഇഷ്ടംപോലെ Purchase ഉം Sales ഉം വർദ്ധിക്കും. ഈ പണം എന്തിന് എങ്ങോട്ട് പോകുന്നു എന്നറിയാം. തെറ്റായ വഴിയിലൂടെ ഈ പണം സഞ്ചരിക്കുന്നുണ്ടെങ്കിൽ സർക്കാരിന് പെട്ടെന്നറിയാം. എത്ര പണം ചിലവഴിച്ചാലും നമ്മുടെ രാജ്യത്തല്ലേ ചിലവാക്കുന്നത്. സർക്കാരിന് എപ്പോഴും Tax കിട്ടും. ബാങ്കിലുള്ള ഓരോ പണംകൊണ്ടും Purchase ചെയ്യുമ്പോളും ഉദാ: സ്വർണ്ണം വാങ്ങിയാലും, ആഘോഷം നടത്തിയാലും, വീടു വാങ്ങിയാലും, ഭൂമി വാങ്ങിയാലും എവിടെയായാലും സർക്കാരിന് Tax കിട്ടികൊണ്ടേയിരിക്കും. Sales & Purchase കൂടുന്നതോടെ രാജ്യത്ത് കോടികണക്കിന് ജോലി അവസരങ്ങൾ ഉണ്ടാകും. ഇത് രാജ്യത്തിന്റെ സമ്പദ്ഘടന ഉറപ്പുള്ളതാക്കുന്നു. ഒരു ഉൽപന്നം ഉൽപാദിപ്പിക്കുമ്പോൾ തന്നെ നികുതി വാങ്ങുക + Distributors Commission + Shop Commission ഉടൻതന്നെ ബില്ലും. വാങ്ങുന്നവന്റെ Tax ആദ്യംതന്നെ സർക്കാരിന് കിട്ടുന്നു. ഇപ്പോൾ മാർക്കറ്റ് നടക്കുന്നത് കടയുടമ 10%പോലും നികുതി സർക്കാരിന് നൽകുന്നില്ല. ജനങ്ങളിൽ നിന്ന് വാങ്ങുകയും ചെയ്യുന്നു.

ഇന്ത്യ പഴയകാലത്ത് രാജാക്കന്മാരുടേയും സമ്പന്നരുടേയും നാടായിരുന്നു. അതുകൊണ്ട് തന്നെ സമ്പത്ത് വ്യക്തികളുടെ കയ്യിൽ കൂടുതലാണ്.

ഇപ്പോഴത്തെ നികുതിഘടനയനുസരിച്ച് ഒരു കോടി വിലയുള്ള ഭൂമി അഞ്ച് പേർ ഒരു വർഷത്തിനുള്ളിൽ കൈമാറിയാൽ ഒരു കോടിയും സർക്കാർ Tax ആയി അഞ്ച് പേരിൽനിന്ന് വാങ്ങിയിരിക്കും. ഇത് എന്ത് നികുതി !

# ദോഷങ്ങൾ

1) ഇപ്പോഴത്തെ സാമ്പത്തികനയം ജനങ്ങൾ നിരാശരാകും.

2) ആശുപത്രിയിൽ പണം ചിലവാക്കാനില്ലാതെ ജനങ്ങൾ മരിക്കും.

3) വിവാഹം, ഭവനം, നന്നായി ജീവിക്കാനുള്ള ആഗ്രഹങ്ങൾ എന്നിവ ജനങ്ങൾക്ക് നിഷേധിക്കപ്പെടുന്നതോടെ മാനസികമായി പ്രക്ഷുബ്ദരാകുകയും, വിപ്ലവങ്ങളോ അനിവാര്യമായ ദുരന്തങ്ങൾ ഉണ്ടാകും. (ഇലക്ഷൻ തുടങ്ങിയവയിലൂടെ പ്രകടിപ്പിക്കും)

4) വിദേശ ഇന്ത്യക്കാർ മെല്ലെ മെല്ലെ ഇന്ത്യയെ ഉപേക്ഷിച്ച് അന്യരാജ്യങ്ങളിൽ, അമേരിക്ക, യൂറോപ്പ്, ആസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ സ്ഥിരതാമസമാക്കുകയും ചെയ്യും. അതോടെ എൻ.ആർ.ഐ. നിക്ഷേപങ്ങൾ തിരിച്ച് പോകും.

5) ഹൈടെക്ക് ആശുപത്രികൾ ഇല്ലാതാകും. ഹൈടെക് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിൽ മക്കളെ പഠിപ്പിക്കാൻ മാതാപിതാക്കൾക്ക് അസാധ്യമാകുന്നതോടെ അടച്ച് പൂട്ടേണ്ടിവരും. വിദേശപഠനം നിർത്തലാക്കും. അതോടെ യുവതലമുറയുടെ താളം തെറ്റും. ഭാരതത്തിന്റെ ആത്മാവ് നഷ്ടപ്പെടും.

6) കൃഷി ഉൽപന്നങ്ങൾ വാങ്ങാൻ വ്യാപാരികൾ വിസമ്മതം കാണിക്കും. പിന്നെ വൻകിട കോർപ്പറേറ്റ് കമ്പനികൾ മാത്രം വാങ്ങും. അപ്പോൾ അറിയാലോ ?

7) ചെറുകിട ഇടത്തരം വ്യവസായങ്ങൾ ശൂന്യവൽക്കരിക്കപ്പെടും / തുടച്ചുനീക്കപ്പെടും.

8) ഒരു ഭരണാധികാരിയുടെ ഒരു തീരുമാനം ഒറ്റ രാത്രികൊണ്ട് രാജ്യം പാപ്പരാകുകയും, കൊല്ലങ്ങൾകൊണ്ട് പുരോഗതി പ്രാപിക്കുകയും ചെയ്യും.

9) അമ്പലങ്ങളും ആരാധനാലയങ്ങളും നോക്കുകുത്തിയാകും. അനവധി മതങ്ങളുള്ള നാട്ടിൽ വിശ്വാസത്തിന് കോട്ടം തട്ടിയാൽ പിന്നീടെന്ത് സംഭവിക്കും എന്നറിയാലോ.